(ബി) അപകടം പതിവായ ഈ ഭാഗത്ത് എന്ത് പരിഹാര മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.എച്ച്. 212-ലെ പ്രസ്തുത ഭാഗത്ത് വീതി കുറവും കയറ്റിറക്കം ഉള്ളതുമാണ്. ഈ ഭാഗം വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തിയാൽ മാത്രമേ ഇതിന് പരിഹാരമാവുകയുള്ളൂ. NHDP Phase IV-ൽ ഉൾപ്പെടുത്തി NH 212 വീതി കൂട്ടി പേവ്ഡ് ഷോൾഡറോഡ് കൂടിയ രണ്ട് വരിപ്പാതയാക്കി അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ട പഠനത്തിനായി കേന്ദ്ര ഗതാഗത മന്ത്രാലയം കൺസൾട്ടൻസിയെ ഏൽപ്പിച്ചിരിക്കുകയാണ്. ഈ പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി ഇതിന് ശാശ്വത പരിഹാരമാകുന്നതാണ്.

തിരൂർ - പൊൻമുണ്ടം ബൈപ്പാസിന്റെ - പൊൻമുണ്ടം ഭാഗത്തെ പ്രവൃത്തി

222 (4576) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂർ -പൊൻമുണ്ടം ബൈപ്പാസിന്റെ പൊൻമുണ്ടം ഭാഗത്തെ പ്രവൃത്തി സംബന്ധിച്ച കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) നേരത്തെയുണ്ടായിരുന്ന കരാറുകാരനെ ടെർമിനേറ്റ് ചെയ്തശേഷം പുതിയ ടെണ്ടർ വിളിച്ചുകയുണ്ടായോ എന്നറിയിക്കുമോ ;

(സി) എങ്കിൽ എന്നാണ് ടെണ്ടർ ചെയ്തത് ; എത്രയാണ് എസ്റ്റിമേറ്റ് തുക ; ടെണ്ടർ ചെയ്തിട്ടില്ലെങ്കിൽ എന്നത്തേക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ പ്രവൃത്തി എന്നത്തേക്കാരംഭിക്കാനാകും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) ടി റോഡിന്റെ പണികളുടെ നിലവിലുള്ള കരാർ 3-5-2010-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 732/10/പൊ.മ.വ. പ്രകാരം റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി അവസാനിപ്പിക്കുകയുണ്ടായി. തുടർന്ന് 2010-ലെ പുതിയ നിരക്കനുസരിച്ച് ബാക്കി പ്രവൃത്തിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly